**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4404** **10-08-2021 - ൽ മറുപടിയ്ക്ക്**

**കാർഷിക വരുമാന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി ഒ എസ് അംബിക** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക വരുമാനത്തിൽ അഞ്ച് വർഷം കൊണ്ട് അമ്പതു ശതമാനം വർദ്ധനവ് സൃഷ്ടിക്കുകയെന്ന ലക്ഷ്യം നേടാൻ സർക്കാർ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കർഷകരുടെ വരുമാനം അമ്പതുശതമാനം വർദ്ധിപ്പിക്കുന്നതിന് നിരവധി പദ്ധതികളാണ് കൃഷിവകുപ്പ് നടപ്പിലാക്കി വരുന്നത്. നിലവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. 1. സമഗ്ര നെൽകൃഷി വികസനം. 2. പ്രാദേശിക അടിസ്ഥാനത്തിലുള്ള വിളകളുടെ പരിപാലനം. 3. പച്ചക്കറി വികസന പദ്ധതി. 4. വി.എഫ്.പി.സി.കെ. വഴിയുള്ള പച്ചക്കറി വികസന പദ്ധതി. 5. കിഴങ്ങ്, പയറുവർഗ്ഗ വിളകളുടെ വികസന പദ്ധതി. 6. നാളികേരവികസന പദ്ധതി. 7. സുഗന്ധ വ്യഞ്ജനങ്ങളുടെ വികസനം. 8. ഹൈ-ടെക്ക് അഗ്രിക്കൾച്ചർ. 9. പഴവർഗ്ഗ, പുഷ്പ, ഔഷധസസ്യ കൃഷി വികസന പദ്ധതി. 10. മണ്ണിന്റെ ആരോഗ്യപരിപാലനവും ഉത്പാദനക്ഷമത വർദ്ധിപ്പിക്കലും. 11. വിള ആരോഗ്യ പരിപാലന പദ്ധതി. 12. ജൈവ കൃഷി വികസനം. 13. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും. 14. ഡിപ്പാർട്ട്മെന്റ് ഫാമുകളിലെ അടിസ്ഥാന സൗകര്യവികസനവും സ്പെഷ്യൽ ഫാമുകളിലെ യന്ത്രവൽക്കരണവും. 15. കൃഷി വകുപ്പിന്റെ ലബോറട്ടറികൾ ആധുനീകരിക്കൽ. 16. കാർഷിക വിജ്ഞാന വ്യാപനം. 17. കാർഷിക വിജ്ഞാന വ്യാപനവും വിനിമയവും. 18. മാനവ വിഭവ ശേഷി വികസനം. 19. അഗ്രോ സർവ്വീസ് സെന്റർ. 20. അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവീസ് ഡെലിവറി. 21. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി. 22. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി. 23. ജൈവ വൈവിധ്യ സംരക്ഷണവും കാർഷിക വൈവിദ്ധ്യവൽക്കരണവും. 24. കുട്ടനാട് മേഖലയിലെ വൈവിദ്ധ്യവൽക്കരണത്തിനുള്ള പദ്ധതി. 25. കവുങ്ങ് |

| | | | |
|---|---|---|---|
| | | | കൃഷിയ്ക്കുള്ള പ്രത്യേക പദ്ധതി. 26. ഓഫീസ് ഓട്ടോമേഷനും ഐ.റ്റി. സാങ്കേതിക വിദ്യയും. 27. കാർഷികോൽപന്നങ്ങളുടെ സംഭരണവും വിതരണവും. 28. വില പിടിച്ചു നിർത്തുന്നതിനുള്ള വിപണി ഇടപെടൽ. 29. ഹോർട്ടികോർപിന് ഓഹരി മൂലധനം. 30. കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷന് കോഴിഞ്ഞാം പാറയിൽ പുതിയതായി ഗോഡൌൺ കം അഗ്രികൾച്ചർ കോംപ്ലക്സ് നിർമ്മാണം. 31. കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷൻ കമ്പ്യൂട്ടർവൽക്കരണം. 32. മൂല്യ വർദ്ധനവിനുള്ള പദ്ധതി. 33. ബയോഗ്യാസ് പ്ലാന്റിനുള്ള അഡീഷണൽ അസിസ്റ്റൻസ്. 34. ഗ്രാമീണ അടിസ്ഥാനസൌകര്യ വികസന നിധി പദ്ധതി. 35. ഇന്റർനാഷണൽ റിസെർച്ച് ആൻഡ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ്. 36. കേരള സംസ്ഥാന വെയർഹൌസിംഗ് കോർപ്പറേഷന് മൂലധനം. 37. വയനാട് പാക്കേജ് പദ്ധതി. 38. പുനർജ്ജനി. 39. കൃഷി പാഠശാല. 40. കർഷക ക്ഷേമനിധി ബോർഡ്. 41. കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി (തറവില) 42. കൃഷി ഉന്നതി യോജനയിൽ ഉൾപ്പെട്ട കേന്ദ്രാവിഷ്കൃത പദ്ധതികൾ. 43. ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ. 44. ചെറുകിട നാമമാത്രകർഷകർക്ക് സൌജന്യ വൈദ്യുതി നൽകുന്ന പദ്ധതി. 45. ഉത്പാദനവർദ്ധനവിനായി നെൽകൃഷിയ്ക്കുള്ള പ്രോൽസാഹന സഹായം. 46. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്. |
| (ബി) | കാർഷികോല്പന്നാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുവാൻ പരിപാടിയുണ്ടോ; അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മാർക്കറ്റ് ഇടപെടൽ ഫലപ്രദമാക്കാൻ ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നിവയെ ശാക്തീകരിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾക്ക് ഉത്സവകാലങ്ങളിൽ പ്രതേകിച്ച് ഓണം, വിഷു കാലയളവിൽ വിപണികൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നുണ്ട്. ഹോർട്ടികോർപ്പിന്റെ 500 വിപണികൾക്ക് 325 ലക്ഷം രൂപയും വി.എഫ്.പി.സി.കെ.യുടെ 150 വിപണികൾക്ക് 97.50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ പഴം പച്ചക്കറി സംഭരണത്തിനായി ഹോർട്ടികോർപ്പിന് 800 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രാദേശിക വിപണി ശക്തിപ്പെടുത്താൻ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിലെ എല്ലാ |

| | | | | |
|---|---|---|---|---|
| | | | | ജില്ലകളിലും കണ്ടെയ്നർ മാതൃകയിലുള്ള സംഭരണ സംസ്കരണ വിപണന കേന്ദ്രങ്ങൾ, നഗരങ്ങൾ കേന്ദ്രീകരിച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴിയും കൃഷിവകുപ്പ് വഴിയും നടപ്പിലാക്കുന്നു. കാർഷികോൽപന്നങ്ങൾ നേരിട്ട് ഉപഭോക്താക്കൾക്ക് നൽകുന്നതിന് കർഷകർക്ക് അവസരം ലഭ്യമാക്കുന്നതിനായി പഴം-പച്ചക്കറി, ചെറു ധാന്യങ്ങൾ, പരമ്പരാഗതവും എളുപ്പം നശിച്ചു പോകുന്നതുമായ കാർഷിക ഉല്പന്നങ്ങൾ എന്നിവയുടെ വിപണനത്തിനായി സംസ്ഥാനത്ത് ആകെ 602 പുതിയ ആഴ്ച്ചചന്തകൾ RKVY പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലും ആഴ്ച്ചചന്തകൾ സ്ഥാപിക്കുന്നതിനായി, കൃഷിവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കുടുംബശ്രീയുമായി സഹകരിക്കുന്നുണ്ട്. 2021-22 വർഷത്തിൽ പുതുതായി 100 നഗര വഴിയോര കാർഷിക വിപണികൾ കൂടി അധികമായി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ / വിപണന കേന്ദ്രവും ഓൺലൈൻ കാർഷിക ഉത്പന്ന വിപണന സൌകര്യമൊരുക്കാൻ പുതു സംരംഭങ്ങളും ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകളും പ്രവർത്തിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോ ഷോപ്പുകൾ ആരംഭിക്കുന്നതിന് 28.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഗ്രാമ പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ശേഖരിക്കുന്നതിനും വിപണനം നടത്തുന്നതിനും സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്, വി.എഫ്.പി.സി.കെ. എന്നീ സ്ഥാപനങ്ങൾ നിലവിലുണ്ട്. കർഷകർ ഉല്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ നേരിട്ട് ഗ്രാമീണ മേഖലയിലും നഗര പ്രദേശത്തുമുള്ള ആഴ്ച്ചചന്തകളിൽ വിപണനം നടത്താവുന്നതുമാണ്. ഇത്തരത്തിലുള്ള ഉൽപന്നങ്ങൾ ഇക്കോഷോപ്പ്, വീക്കിലി മാർക്കറ്റ്, BLFO വിപണന കേന്ദ്രങ്ങൾ തുടങ്ങി 1884 വിപണന കേന്ദ്രങ്ങൾ സംഭരിച്ച വിതരണം നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ